**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6154** **09-11-2021 - ൽ മറുപടിയ്ക്ക്**

**പൈപ്പ് പൊട്ടുന്നത് മൂലം മുടങ്ങുന്ന കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരന്തരം പൈപ്പ് പൊട്ടുന്നതുമൂലം കുടിവെള്ള വിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പൈപ്പ് പൊട്ടൽ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തി കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാറുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ പൊട്ടിയ പൈപ്പുകൾ ശരിയാക്കുന്നതിനായി ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ കാലയളവിൽ പൊട്ടിയ പൈപ്പുകൾ പുന:സ്ഥാപിക്കുന്നതിനായി 2358.95ലക്ഷം രൂപ ചെലവാക്കീട്ടുണ്ട്. ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാലപ്പഴക്കവും ഒപ്പം ഉപയോഗയുക്തമല്ലാത്ത പൈപ്പുകൾ സ്ഥാപിക്കുന്ന കോൺട്രാക്ടർമാരുടെ പ്രവർത്തനങ്ങളുമാണ് ഇതിന് കാരണമാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കാലപ്പഴക്കം മൂലം പൈപ്പ് ലൈനുകളിൽ ചോർച്ചകൾ ഉണ്ടാകാറുണ്ട്. പുതിയ പൈപ്പുകൾ ഫാക്ടറിയിൽ നിന്നും സപ്ലൈ ചെയ്യുന്നതിന് മുൻപ് IS സ്റ്റാൻഡേർഡ് ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷമാണ് കരാറുകാർ മുഖേന പൈപ്പുകൾ സ്ഥാപിക്കുന്നത്. ആയതിനാൽ ഉപയോഗയുക്തമല്ലാത്ത പൈപ്പുകൾ സ്ഥാപിക്കുന്ന കോൺട്രാക്ടർമാരുടെ പ്രവർത്തനങ്ങൾ മൂലമാണ് പൈപ്പ് പൊട്ടുന്നത് എന്ന ആക്ഷേപം സംബന്ധിച്ച പരാതികൾ ഈ സർക്കാർ കാലയളവിൽ ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നിർമ്മാണ മേഖലയിലെ കള്ളനാണയങ്ങൾക്കെതിരെയും അവർക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; വ്യക്തമാക്കാമോ; | (ഡി) | അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പഴയ എ.സി പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. നിർമ്മാണ മേഖലയിലെ കള്ളത്തരങ്ങൾ ശ്രദ്ധയിൽപെട്ടാൽ അന്വേഷണം നടത്തി കരാറുകാർക്കെതിരെയും അവർക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ എത്ര പേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) | ഈ സർക്കാർ കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഒന്നും തന്നെ തെളിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| | |
|---|---|
| തിരുവനന്തപുരം സർക്കിൾ | 321.85 ലക്ഷം |
| കൊല്ലം സർക്കിൾ | 140.65 ലക്ഷം |
| തിരുവല്ല സർക്കിൾ | 216.12 ലക്ഷം |
| കോട്ടയം സർക്കിൾ | 159.77 ലക്ഷം |
| ആലപ്പുഴ സർക്കിൾ | 21.703 ലക്ഷം |
| കൊച്ചിസർക്കിൾ | 362.82 ലക്ഷം |
| മുവാറ്റുപുഴ സർക്കിൾ | 71.34 ലക്ഷം |
| തൃശ്ശൂർ സർക്കിൾ | 189.37 ലക്ഷം |
| പാലക്കാട് സർക്കിൾ | 231.42 ലക്ഷം |
| കോഴിക്കോട് സർക്കിൾ | 239.49 ലക്ഷം |
| മലപ്പുറം സർക്കിൾ | 283 ലക്ഷം |
| കണ്ണൂർ സർക്കിൾ | 121.42 ലക്ഷം |